(ബി-ഇ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ശ്രീ. മോഹൻ ലാലിന് നൽകിയ പ്രതിഫലത്തുകയായ 1,63,77,600 രൂപ (ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അറുനൂറ് രൂപ മാത്രം) തിരികെ നൽകുകയുണ്ടായി. ഏത് സാഹചര്യത്തിലാണ് തുക തിരികെ നൽകുന്നതെന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടില്ല. മോഹൻലാലിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച പരിപാടിയെക്കുറിച്ച് ക്രൂരമായ വിമർശനങ്ങളാണ് ചില കോണുകളിൽനിന്ന് ഉയർന്നുവന്നത്. ഇതിൽ വേദനിച്ച മോഹൻലാൽ വാങ്ങിയ തുക തിരിച്ചു നൽകാൻ തീരുമാനിക്കുകയും അക്കാര്യം ഇ-മെയിൽ വഴി സർക്കാരിനെ അറിയിക്കുകയും ചെയ്തു. മോഹൻലാലിനെപ്പോലെയുള്ള ഒരു മഹാനടനോട് തുക തിരിച്ചുവാങ്ങുന്നത് ഉചിതമല്ലെന്ന നിലപാടാണ് സർക്കാരിനുണ്ടായിരുന്നത്. സർക്കാരിന്റെ ഈ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സ്പോർട്സ് വകുപ്പുമന്ത്രിയും മോഹൻലാലിനെ സന്ദർശിച്ച വേളയിൽ അദ്ദേഹത്തെ അറിയിച്ചെങ്കിലും തുക തിരിച്ചു നൽകാനുള്ള തീരുമാനത്തിൽനിന്നും പിൻമാറാൻ അദ്ദേഹം തയ്യാറായില്ല. വാങ്ങിയ തുക ശ്രീ. മോഹൻലാൽ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് തിരിച്ചുനൽകി.

(എഫ്) ഉദ്ഘാടനത്തോടനുബന്ധിച്ച നടപടികളിൽ വീഴ്ച വന്നിട്ടില്ല.

ദേശീയ ഗെയിംസ് കമ്മിറ്റി രൂപീകരണം

282 (288) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിലേക്കായി ആകെ എത്ര സബ്കമ്മിറ്റികളാണ് രൂപീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കമ്മിറ്റികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ദേശീയ ഗെയിംസ് കമ്മിറ്റിയിൽ ധനവകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ എത്തിയവർ, ഇറമുഖ വകുപ്പിൽ നിന്നും എത്തിയ വിരമിച്ചവർ, മുൻമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നവർ എന്നിവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 22 സബ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട സബ് കമ്മിറ്റികളിൽ ഇപ്രകാരം ആരെയും ഉൾപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly